**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6095** **09-07-2024 - ൽ മറുപടിയ്ക്ക്**

**ഓർക്കാട്ടേരി സെക്ഷൻ ഓഫീസിന് സ്വന്തം കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. യുടെ ഓർക്കാട്ടേരി സെക്ഷൻ ഓഫീസ് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഓഫീസ് എന്ന് മുതലാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്നും എത്ര രൂപ നിരക്കിലാണ് നിലവിൽ വാടക നൽകി വരുന്നതെന്നും അറിയിക്കാമോ; | (ബി) | ഓർക്കാട്ടേരി സെക്ഷൻ ഓഫീസ് 01.04.2007 മുതൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. നിലവിലെ കെട്ടിടത്തിൽ 01.10.2022 മുതലാണ് പ്രവർത്തനം ആരംഭിച്ചത്. നിലവിൽ മാസ വാടക 24500 രൂപ ആണ്. |
| (സി) | ഓർക്കാട്ടേരിയിൽ കെ.എസ്.ഇ.ബി. ക്ക് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടി ഏറ്റെടുത്ത 80 സെൻറ് സ്ഥലം ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ഓർക്കാട്ടേരിയിൽ കെ.എസ്.ഇ.ബി.എൽ-ന് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടി ഏറ്റെടുത്ത 83 സെന്റ് സ്ഥലം ഓർക്കാട്ടേരി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസും വടകര സബ് റീജിയണൽ സ്റ്റോറും നിർമ്മിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ-ന്റെ പ്രസരണ വിഭാഗത്തിൽ നിന്നും 13.03.2023-ന് വിതരണ വിഭാഗത്തിലേക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ നിലവിൽ പ്രസ്തുത സ്ഥലത്ത് വടകര സബ് റീജിയണൽ സ്റ്റോറിന്റെ മെറ്റീരിയൽസ് സൂക്ഷിക്കുന്ന സ്ഥലമായി ഉപയോഗിച്ച് വരുന്നു. |
| (ഡി) | കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരും പഞ്ചായത്ത് ഭരണസമിതിയിലെ സർവകക്ഷി അംഗങ്ങളും എം.എൽ.എ. യുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ഉപയോഗിക്കാതെ കിടക്കുന്ന പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കണമെന്ന് വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ആവശ്യപ്പെട്ടിട്ടുണ്ട്. ഓർക്കാട്ടേരി സെക്ഷൻ ഓഫീസിനും വടകര സബ് റീജിയണൽ സ്റ്റോറിനും വേണ്ട കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ബോർഡിന്റെ പരിഗണനയിലാണ്. |
| (ഇ) | എങ്കിൽ പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിച്ച് സെക്ഷൻ ഓഫീസ് അതിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | ആവശ്യപ്പെട്ടിട്ടുണ്ട്. ഓർക്കാട്ടേരി സെക്ഷൻ ഓഫീസിനും വടകര സബ് റീജിയണൽ സ്റ്റോറിനും വേണ്ട കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ബോർഡിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ